# "നമുക്ക് ജാതിയില്ല വിളംബരം കള്ളരേഖയാണ്"

കെ.സി. സുധീർ ബാബു

കമ്മ്യൂണിസ്റ്റുകൾ അവരുടെ ആശയപ്രചരണത്തിന് ഉപയോഗിക്കുന്ന ഏറ്റവും പ്രബലമായ ആയുധം നുണയാണ്. നുണയുടേയും അതിക്രമങ്ങളുടേയും മേൽ കെട്ടിപ്പൊക്കിയ സാമ്പത്തിക, രാഷ്ട്രീയ, അധികാര ഗർവ്വമായതിനാലാണ് കമ്മ്യൂണിസം ലോകമെമ്പാടും തകർന്നടിഞ്ഞത്. കേരളത്തിലും കമ്മ്യൂണിസ്റ്റുകൾ കെട്ടിമേഞ്ഞ നുണയുടെ ഗോപുരങ്ങൾ ഒരു ചരിത്ര വിദ്യാർത്ഥിയെ അമ്പരപ്പിക്കുംവിധം തെളിഞ്ഞ് നിൽക്കുന്നുണ്ട്.

കേരളത്തിൽ കമ്മ്യൂണിസ്റ്റുകൾ നുണ എന്ന ആയുധം ഏറ്റവും ശക്തമായി പ്രയോഗിച്ചത് ശ്രീനാരായണഗുരുവിനെതിരെയായിരുന്നു. കേരള നവോത്ഥാന പ്രസ്ഥാനത്തിന് നെടുനായകത്വം വഹിച്ച ശ്രീനാരായണഗുരുവിനെയും അദ്ദേഹത്തിന്റെ ദർശനത്തെയും കുറിച്ച് അവർ പ്രചരിപ്പിച്ചത്ര നുണകൾ മറ്റാർക്കും സങ്കൽപിക്കുകപോലും സാദ്ധ്യമല്ല.

ഒരു ഉദാഹരണം മാത്രം ഇവിടെ ചൂണ്ടിക്കാണിക്കാം. "കേരള നവോത്ഥാനം ഒരു മാർക്സിസ്റ്റ് വീക്ഷണം" എന്ന ഗ്രന്ഥത്തിൽ മാർക്സിസ്റ്റ് ചിന്തകനായ പി. ഗോവിന്ദപിള്ള അരുവിപ്പുറത്ത് ശ്രീനാരായണഗുരു നടത്തിയ വിപ്ലവകരമായ ക്ഷേത്രപ്രതിഷ്ഠയെക്കുറിച്ച് പറയുന്നതിങ്ങനെയാണ്. ക്ഷേത്രപ്രതിഷ്ഠയെന്നല്ല, പ്രവേശനത്തിനും ആരാധനയ്ക്ക്പോലും അനർഹനായ ഒരസ്പർശ്യൻ ക്ഷേത്ര പ്രതിഷ്ഠ നടത്തുന്നു, ആരാധന നടത്തുന്നു. "ജാതി ഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത്". എന്നെഴുതി പ്രദർശിപ്പിക്കുകയും ഹിന്ദുമതത്തിന്റെ "ഓം" കാരം, ക്രിസ്തുമതത്തിന്റെ "കുരിശ്", ഇസ്ളാം മതത്തിന്റെ "ചന്ദ്രിക" എന്നിവ വരച്ചുവയ്ക്കുകയും ചെയ്തു. (പേജ് 158). വിശ്വപ്രസിദ്ധമായ അരുവിപ്പുറം ക്ഷേത്രത്തിന്റെ ചുവരുകളിൽ ഗുരുദേവന്റെ നിർദ്ദേശ പ്രകാരം എന്താണെഴുതി പ്രദർശിപ്പിച്ചിരിക്കുന്നതെന്ന് അവിടെചെന്ന് നോക്കുന്ന ആർക്കും തെളിഞ്ഞ് കാണാമെന്നിരിക്കെ ഹിന്ദുമതത്തിന്റെ ഓങ്കാരവും ക്രിസ്തുമതത്തിന്റെ കുരിശും, ഇസ്ലാം മതത്തിന്റെ ചന്ദ്രികയും അവിടെ വരച്ചുവച്ചു എന്ന പച്ചക്കള്ളം ഒരു ചരിത്രപുസ്തകത്തിൽ എഴുതി വയ്ക്കണമെങ്കിൽ അതൊരു മാർക്സിസ്റ്റുകാരന്റെ ഹീനബുദ്ധിക്കല്ലാതെ മറ്റൊന്നിനും സാദ്ധ്യമല്ല. നുണയുടെ മൊത്തവ്യാപാരികളായ മാർക്സിസ്റ്റുകൾ കേരളത്തിലെ നവോത്ഥാന പ്രക്രിയയെ ശരിയായ ദിശയിൽ മുന്നോട്ടുകൊണ്ടുപോയ ശ്രീനാരായണഗുരുവിനേയും, മഹാത്മാ അയ്യങ്കാളിയേയും ചട്ടമ്പിസ്വാമികളേയും കുറിച്ച് പ്രചരിപ്പിച്ച നുണകളുടെ ചരിത്ര രേഖകൾ വേണ്ടത്ര ലഭ്യമാണ്.

അത്തരമൊരു നുണയുടെ പിന്നാലെ പോയതിന്റെ നാണംകെട്ട കാഴ്ചയാണ്, ശ്രീനാരായണഗുരു നടത്തിയെന്നവകാശപ്പെടുന്ന നമുക്ക് ജാതിയില്ല വിളംബരത്തിന്റെ നൂറാം വാർഷികം പൊതുഖജനാവിൽ നിന്ന് പണം മുടക്കിക്കൊണ്ട് കേരളത്തിലെ ഇടതുപക്ഷ സർക്കാർ നാടെങ്ങും ആഘോഷിക്കുന്നത്. ഈ വിളംബരം പ്രസിദ്ധപ്പെടുത്തി എന്ന് അവകാശപ്പെടുന്ന 1916 ൽ ശ്രീനാരായണഗുരുവിന് അറുപത്തിയൊന്ന് വയസ് പ്രായമുണ്ട്. നമുക്ക് ജാതിയും മതവുമില്ല എന്ന് പ്രഖ്യാപിക്കാൻ സന്ന്യാസിയായ ശ്രീനാരായണഗുരു അറുപത്തിയൊന്ന് വയസാകുന്നതുവരെ എന്തുകൊണ്ട് കാത്തിരുന്നു എന്ന ചോദ്യത്തിന് ഉത്തരമന്വേഷിക്കുമ്പോഴാണ് നമുക്ക് ജാതിയില്ല എന്നത് വലിയൊരു പച്ചക്കള്ളത്തിന്മേൽ കെട്ടിപ്പൊക്കിയ വിളംബരമാണെന്ന് മനസിലാകുന്നത്.

ഭാരതത്തിന്റെ പാരമ്പര്യമനുസരിച്ച് ഒരാൾ സന്ന്യസിക്കാൻ മനസുകൊണ്ട് തീരുമാനിക്കുന്ന നിമിഷം മുതൽ അയാൾ ഇഹലോകബന്ധങ്ങളെല്ലാം വിച്ഛേദിക്കും. പിന്നെ ആ സന്ന്യാസിക്ക് അച്ഛനില്ല, അമ്മയില്ല, ഭാര്യയില്ല, മക്കളില്ല, ബന്ധുക്കളില്ല, ജാതിയില്ല, മത

മില്ല എന്നത് ഭാരതീയനായ ഏതൊരാൾക്കും ബോദ്ധ്യമുള്ള കാര്യമാണ്. വസ്തുത ഇതായിരിക്കെ ശ്രീനാരായണ ഗുരു എന്ന സന്ന്യാസി അറുപത്തിയൊന്നാമത്തെ വയസിൽ നമുക്ക് ജാതിയും മതവുമില്ല എന്നൊരു സർട്ടിഫിക്കറ്റെഴുതി പ്രസിദ്ധപ്പെടുത്തി എന്നത് മാർക്സിസ്റ്റ് ചിന്താപദ്ധതിയായ ഡയലറ്റിക്കൽ മറ്റീരിയലിസം കൊണ്ട് അളന്നാൽപോലും ബോദ്ധ്യപ്പെടാൻ പ്രയാസമുള്ള കാര്യമാണ്.

ജാതിവിദ്വേഷത്തിനെതിരേയും മതവിദ്വേഷത്തിനെതിരേയും ശ്രീനാരായണഗുരു ചിന്തിക്കുകയും സംസാരിക്കുകയും എഴുതുകയും ചെയ്തിട്ടുണ്ട്. അത് സംബന്ധിച്ച രേഖകളെല്ലാം വിവിധ ശ്രീനാരായണ ജീവചരിത്രങ്ങളിലും പഠനഗ്രന്ഥങ്ങളിലും ലഭ്യമാണ്. എന്നാൽ 1916ൽ നടത്തിയെന്നവകാശപ്പെടുന്ന "നമുക്ക് ജാതിയില്ല" വിളംബരത്തെക്കുറിച്ച് ശ്രീനാരായണ ഗുരുവിന്റെ ഗൗരവമുള്ള ജീവചരിത്രഗ്രന്ഥങ്ങളിലൊന്നും പരാമർശിച്ചിട്ടില്ല എന്നത് ഒരു അന്വേഷകനെ അമ്പരപ്പിക്കുന്ന വസ്തുതയാണ്. എന്നാൽ മാർക്സിസ്റ്റുകാരനായ ഡോ. എൻ.വി. പി. ഉണിത്തിരി രചിച്ച "ശ്രീനാരായണഗുരു" എന്ന ജീവചരിത്ര ഗ്രന്ഥത്തിൽ മാത്രം ഗൗരവമുള്ള ചില നുണകളും ചേർത്ത് ഇക്കാര്യം പറഞ്ഞിട്ടുണ്ട് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. അതിലേക്ക് പിന്നാലെ വരാം.

ശ്രീരാമകൃഷ്ണമിഷൻ പ്രസിദ്ധീകരിക്കുന്ന പ്രബുദ്ധ കേരളം മാസികയുടെ 1091 (1916) മിഥുനം ലക്കത്തിലാണ് ശ്രീനാരായണഗുരുവിന്റേത് എന്നവകാശപ്പെടുന്ന ഈ വിളംബരം അച്ചടിച്ച് വന്നത്. അതൊരു വിളംബരമല്ല പരസ്യമാണെന്നും ശ്രീനാരായണഗുരുവല്ല അത് പ്രസിദ്ധീകരിക്കുന്നതെന്നും അതിൽ തന്നെ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. "ആലുവാ അദ്വൈതാശ്രമത്തിൽ നിന്ന് എസ്.എൻ.ചൈതന്യസ്വാമികൾ ഞങ്ങൾക്ക് താഴെ പറയും പ്രകാരമുള്ള ഒരു പരസ്യം അയച്ചുതന്നിരിക്കുന്നു". എന്ന തലക്കുറിപ്പോടെയാണ് ആ പരസ്യം പ്രത്യക്ഷപ്പെട്ടത്. ഇപ്പോൾ പ്രശസ്തമായ ആ പരസ്യത്തിലെ വാചകങ്ങൾക്ക് ചുവടെ, "എന്ന് ശ്രീനാരായണഗുരു" എന്നെഴുതി ബ്രാക്കറ്റിനകത്ത് (മുദ്ര)എന്നും ചേർത്തിട്ടുണ്ട്. ഇക്കാര്യം മാർക്സിസ്റ്റുകാരനായ ഡോ.എൻ.വി.പി. ഉണിത്തിരിയുടെ "ശ്രീനാരായണഗുരു" എന്ന ഗ്രന്ഥത്തിൽ പറയുന്നതിങ്ങനെയാണ്, "1916" ൽ പ്രബുദ്ധകേരളത്തിൽ ഇക്കാര്യം കുറേക്കൂടി സ്പഷ്ടമാക്കിക്കൊണ്ട് ഒരു വിളംബരം ഗുരുവിനുവേണ്ടി ശ്രീനാരായണ ചൈതന്യ സ്വാമികൾ പ്രസിദ്ധപ്പെടുത്തി".

ഇത്രയേറെ ഗൗരവമുള്ള ഒരു വിളംബരം ശ്രീനാരായണഗുരുവിനുവേണ്ടി ശ്രീനാരായണ ചൈതന്യസ്വാമികൾ പ്രസിദ്ധീകരിക്കാനുണ്ടായ സാഹചര്യവും കാരണവുമെന്താണ്? ഈ ചോദ്യത്തിനുള്ള ഉത്തരമന്വേഷിക്കുന്നതിനിടയിലാണ് കൊടുംചതിയുടെ കുറേക്രൂര രേഖകൾ തെളിമയോടെ കൺമുന്നിൽ പ്രത്യക്ഷപ്പെട്ടത്.

ശ്രീനാരായണഗുരു ആലുവാ അദ്വൈതാശ്രമം സ്ഥാപിക്കുന്നത് 1914 ലാണ്. അക്കാലത്തന്നെ ധാരാളംപേർ ശിഷ്യരും സന്ന്യാസിമാരുമായി ശ്രീനാരായണ ഗുരുവിനൊപ്പം ഉണ്ടായിരുന്നു. അക്കൂട്ടത്തിൽ, കാൽനൂറ്റാണ്ടിലേറെക്കാലമായി ഗുരുവിന്റെ ശിഷ്യനും പിന്നീട് സന്ന്യാസിയുമായി തീർന്ന തിരുവനന്തപുരം സ്വദേശിയും നാരായണപിള്ള എന്ന് പൂർവ്വാശ്രമത്തിൽ പേരുണ്ടായിരുന്നയാളുമായ ശ്രീനാരായണ ചൈതന്യ സ്വാമികൾ പ്രധാനിയായിരുന്നു. ആലുവാ അദ്വൈതാശ്രമത്തിന്റേയും ആശ്രമം സംസ്കൃത പാഠശാലയുടേയും അനുബന്ധസ്ഥാപനങ്ങളുടേയും സ്വത്തുക്കളുടേയും ഭരണച്ചുമതല ആദ്യം ശ്രീനാരായണഗുരു സി.കൃഷ്ണൻ വക്കീലിനെയാണ് ഏല്പിച്ചത്. എന്നാൽ കൃഷ്ണൻ വക്കീലിന് അത് ശരിയായി മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചില്ല. ഇതിനെക്കുറിച്ച് ഗുരുവിന്റെ ഗൃഹസ്ഥശിഷ്യനും ജീവചരിത്രകാരനുമായ കോട്ടുക്കോയിക്കൽ വേലായുധൻ "ശ്രീനാരായണഗുരു - സമഗ്രവും സമ്പൂർണ്ണവുമായ ജീവചരിത്രം" എന്ന ഗ്രന്ഥത്തിൽ എഴുതുന്നതിങ്ങനെയാണ്. "ധർമ്മസ്വത്തുക്കളുടെ ഭരണം പ്രത്യേകിച്ച് ഗുരുദേവന്റെ ഹിതാനുസരണമുള്ള ഭരണം

സി.കൃഷ്ണൻ വക്കീലിനെപോലെ കാര്യാന്തരവ്യാപൃതരായ ആളുകളെകൊണ്ട് അസാദ്ധ്യം എന്ന് അന്ന് വ്യക്തമാവുകയാണുണ്ടായത്. വിശേഷിച്ചും സന്ന്യാസിമാർക്ക് അന്യഭരണം പ്രയാസം തോന്നിക്കും. തുടർന്ന് കുമാരനാശാനെ അവിടുത്തെ മാനേജരാക്കി നിയമിച്ചു. കുറെ അങ്ങനെ ചെന്നകാലം എസ്.എൻ. ചൈതന്യസ്വാമികൾ എന്ന സന്ന്യാസിക്ക് ചില കാര്യങ്ങളിൽ അഹിതമുണ്ടായി. അങ്ങനെ ആശാൻ മാനേജർ സ്ഥാനം ഒഴിഞ്ഞു. പിന്നത്തെ കുറി ചൈതന്യസ്വാമികൾ ഭരണകർത്താവായി. അക്കാലത്ത് ധർമ്മസ്വത്തുക്കളുടെ ഭരണത്തിന് അദ്ദേഹം ഗുരുദേവനെക്കൊണ്ട് ഒരു മുക്ത്യാർ എഴുതി വാങ്ങിച്ചു. മുമ്പുള്ള ധർമ്മകർത്താക്കൾക്ക് ആവശ്യമില്ലാതിരുന്നതും ഏറെക്കുറെ അപകടകരമെന്ന് സംശയിച്ചതുമായ ആ നടപടി എസ്.എൻ.ഡി.പി. പ്രവർത്തകർക്കും മറ്റ് ഭക്തജനങ്ങൾക്കും സംശയത്തിന് കാര്യമായി തീർന്നു. ആ സംശയം വർദ്ധിക്കുകയും ചൈതന്യസ്വാമികൾ പലവിധ ശല്യങ്ങൾക്ക് ലക്ഷ്യമായി തീരുകയും ചെയ്തു. ഒടുവിൽ ചൈതന്യസ്വാമികൾ ഒഴിഞ്ഞു പോവുകയെന്നതായി പരിണാമം'' (പേജ് 187).

ശ്രീനാരായണഗുരു 1915 ലാണ് മേല്പറഞ്ഞ മുക്ത്യാർ ശ്രീനാരായണ ചൈതന്യസ്വാമികളുടെ പേരിൽ രജിസ്റ്ററാക്കി കൊടുത്തത്. ശ്രീനാരായണഗുരുവിന്റെ പേരിലുള്ള സകല സ്ഥാവര ജംഗമ സ്വത്തുക്കളുടേയും ഭരണാധികാരം ജാതിയിൽ നായരായ ശ്രീനാരായണ ചൈതന്യ സ്വാമികളുടെ കൈകളിലെത്തിയപ്പോൾ ഈഴവരായ സന്ന്യാസിമാരുടേയും മറ്റ് ശിഷ്യന്മാരുടേയും സമുദായപ്രമുഖന്മാരുടേയും തനിനിറം വെളിവായി, പാളയത്തിൽ പടയൊരുങ്ങി. നായരായ ശ്രീനാരായണചൈതന്യസ്വാമികൾക്കെതിരെ ഈഴവർ ആശ്രമത്തിനകത്തും പുറത്തും അമർഷത്തോടെ സംഘടിച്ചു. അപവാദ പ്രചരണങ്ങൾ അഴിച്ചുവിട്ടു. സഹികെട്ട ശ്രീനാരായണ ചൈതന്യസ്വാമികൾ ശ്രീനാരായണ ഗുരുവിനോട് പരാതി പറഞ്ഞു. പരാതികേട്ടതിനുശേഷം ഗുരു ശിഷ്യനോട് പറഞ്ഞു, "മറ്റുള്ളവരുടെ ഉപദ്രവത്തെ നാം ക്ഷമയോടെ സഹിക്കണം. അങ്ങനെ ആകുമ്പോൾ ഉപദ്രവം ഒഴിഞ്ഞു പൊയ്ക്കോളും".

എന്നാൽ ക്ഷമയോടെ സഹിക്കാനൊന്നും ശ്രീനാരായണ ചൈതന്യസ്വാമികൾ തയ്യാറായിരുന്നില്ല. ഈഴവർക്ക് മാത്രമല്ല ഏത് ജാതിയിലും മതത്തിലും പെട്ടവർക്കും ശ്രീനാരായണ ഗുരുവിന്റെ ശിഷ്യന്മാരാകാനും സന്ന്യാസം സ്വീകരിക്കാനും സ്വത്തുക്കൾ കൈകാര്യം ചെയ്യാനും അവകാശമുണ്ടെന്നിരിക്കെ ദുഃഷ്പ്രചരണങ്ങൾ അദ്ദേഹത്തെ വേദനിപ്പിച്ചു. അതിന് ഒരു പരിഹാരമാകുമെന്ന ധാരണയിലാണ് ചൈതന്യ സ്വാമികൾ ഇങ്ങനെ ഒരു പരിശ്രമം നടത്തിയതെന്ന് കരുതേണ്ടിരിക്കുന്നു. മാത്രമല്ല, എരിതീയിൽ എണ്ണ ഒഴിക്കുംപോലെ എസ്.എൻ.ഡി.പി.യോഗത്തിന്റെ വാർഷികപൊതുയോഗം, ശ്രീനാരായണ ചൈതന്യസ്വാമികൾക്ക് എഴുതിക്കൊടുത്ത മുക്ത്യാർ എത്രയും വേഗം റദ്ദുചെയ്യണമെന്ന് 22-ാം നമ്പറായി അംഗീകരിച്ച പ്രമേയത്തിലൂടെ ശ്രീനാരായണ ഗുരുവിനോട് ആവശ്യപ്പെട്ടു. എസ്.എൻ.ഡി.പി. യോഗത്തിന്റെ പതിനാലാം വാർഷിക സമ്മേളനത്തിലവതരിപ്പിച്ച റിപ്പോർട്ടിൽ കുമാരനാശാൻ ഈ സംഭവങ്ങൾ വിശദമായി പറഞ്ഞിട്ടുണ്ട്.

ഈ വിളംബരം പ്രത്യക്ഷപ്പെട്ടത് പ്രബുദ്ധകേരളം മാസികയിലാണെന്ന് നേരത്തെ സൂചിപ്പിച്ചിട്ടുണ്ടല്ലോ. വിവേകോദയം ആയിരുന്നു എസ്.എൻ.ഡി.പി.യോഗത്തിന്റെ മുഖപത്രം. കുമാരനാശാനായിരുന്നു അതിന്റെ പത്രാധിപർ. ശ്രീനാരായണ ഗുരുവിനും എസ്.എൻ.ഡി.പി. യോഗത്തിനും കേരളത്തിലെ ജനങ്ങളെ അറിയിക്കാനുള്ള സന്ദേശങ്ങളും വിളംബരങ്ങളും പ്രത്യക്ഷപ്പെട്ടിരുന്നത് വിവേകോദയത്തിലായിരുന്നു. അപ്പോൾ എന്തുകൊണ്ടാണ് ശ്രീനാരായണ ഗുരുവിന്റെ വളരെ പ്രധാനപ്പെട്ട ഒരു വിളംബരം-നമുക്ക് ജാതിയില്ല വിളംബരം - വിവേകോദയത്തിൽ പ്രത്യക്ഷപ്പെടാതെ പ്രബുദ്ധകേരളത്തിൽ അച്ചടിച്ചത്?

മുക്ത്യാറിന്റെ അഞ്ചാം ഖണ്ഡികയിൽ ഗുരു ഇപ്രകാരം വ്യവസ്ഥചെയ്തിരിക്കുന്നു, "മാസാന്ത്യത്തിൽ ഒരു മാസാന്ത്യകണക്കും കൊല്ലാവസാനത്തിൽ വർഷാന്ത്യക്കണക്കും നിങ്ങളുടെ വിവരമായ റിപ്പോർട്ടും സഹിതം നമുക്ക് അയച്ചുതരേണ്ടതും അവ എസ്.എൻ.ഡി.പി. യോഗത്തിനും ആശ്രമം വക നിർവ്വാഹക സംഘത്തിനും അയച്ച് അവരുടെ അഭി

പ്രായം വാങ്ങി അതിന്മേൽ നാം ചെയ്യുന്ന തീരുമാനം വിവേകോദയം, മിതവാദി, ദേശാഭി മാനി ഇതുകൾ വഴിയേ പൊതുജനങ്ങളെ അറിയിക്കേണ്ടതും അവ ആശ്രമ യോഗം മെമ്പർമാർ എല്ലാവർക്കും വാർഷിക സമ്മേളനത്തിന് മുമ്പായി കിട്ടത്തക്ക വിധം അയയ്ക്കേണ്ടതും ആകുന്നു". (ഇതിൽ പറഞ്ഞിരിക്കുന്ന ദേശാഭിമാനി, ടി.കെ.മാധവൻ പത്രാധിപരായിരുന്ന ദേശാഭിമാനിയാണ്.)

തന്റെ തീരുമാനങ്ങളും വിളംബരങ്ങളും ശരിയായ രീതിയിൽ പൊതുജനങ്ങളറിയേ ണ്ടത് വിവേകോദയം, മിതവാദി, ദേശാഭിമാനി എന്നീ പ്രസിദ്ധീകരണങ്ങളിലൂടെ വേണമെന്ന് ഗുരു നിർദ്ദേശിച്ചിട്ടും ശ്രീനാരായണ ചൈതന്യസ്വാമികൾ അത് ധിക്കരിച്ചു. അന്ന് മലയാള മനോരമയും കേരളകൗമുദിയും കേരളത്തിലെ പ്രധാന പത്രങ്ങൾ തന്നെയായിരുന്നു. എന്നിട്ടും ഗുരു അവയുടെ പേരുകൾ നിർദ്ദേശിച്ചില്ല എന്നതും ശ്രദ്ധേയമാണ്. ശ്രീനാരായണ ഗുരു വിനെ കാണിക്കാതെയും ഒപ്പിടീക്കാതെയും ശ്രീനാരായണ ചൈതന്യസ്വാമികൾ പ്രബുദ്ധ കേരളത്തിൽ കൊടുത്ത ഈ പരസ്യം തൽക്കാലം പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി പ്രസിദ്ധീകരിക്കുകയാണ് ചെയ്തത്.

ശ്രീനാരായണഗുരുവിന്റെ ഒപ്പിനെക്കുറിച്ചും മേല്പറഞ്ഞ മുക്ത്യാറിൽ ഗുരു തന്നെ വ്യക്തമായി പറഞ്ഞിരിക്കുന്നതിങ്ങനെയാണ്. "നമ്മുടെ ഒപ്പിനെ ഇനിമേൽ ഭേദപ്പെടുത്തി സ്വന്തകൈപ്പടയിൽ നമ്മുടെ പേരെഴുതുക മാത്രം നിശ്ചയിച്ചിട്ടുള്ളതുകൊണ്ട് ഒപ്പിന്റെ സ്ഥാനത്ത് അപ്രകാരം ചെയ്യുന്നതും അതിനാൽ നമ്മുടെ കൈയെഴുത്ത് എന്നുമാത്രം മേൽ വിവരിച്ചിട്ടുള്ളതും ആകുന്നു". അതിൽ തന്നെ സാധാരണ കാര്യങ്ങൾക്ക് മുദ്രയും ഗൗരവ മുള്ള കാര്യങ്ങൾക്ക് കൈയെഴുത്തും മുദ്രയും വയ്ക്കുന്നതാണെന്നും പറഞ്ഞിട്ടുണ്ട്. പക്ഷെ നമുക്ക് ജാതിയില്ല വിളംബരത്തിൽ ഗുരു ഒപ്പിട്ടിട്ടില്ല എന്ന് കാണാം. പകരം ചൈതന്യസ്വാ മികൾ ചാർത്തിക്കൊടുത്ത അദ്വൈതാശ്രമത്തിന്റെ മുദ്ര (ഓഫീസ് സീൽ) മാത്രമാണതിലു ള്ളത്.

ഈ വിളംബരം പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് ശ്രീനാരായണഗുരു കണ്ടിട്ടില്ല എന്ന തിന് പ്രധാനപ്പെട്ട ഒരു തെളിവ് ആ വിളംബരത്തിൽ തന്നെയുണ്ട്. വിളംബരം അവസാനി ക്കുന്നത് "എന്ന് ശ്രീനാരായണ ഗുരു (മുദ്ര)" എന്നാണ്. ശ്രീനാരായണഗുരുവിനെ പോലൊ രുശ്രേഷ്ഠ സന്ന്യാസി സ്വന്തം പേരെഴുതുമ്പോൾ ഒരിക്കലും പേരിന് മുന്നിൽ ശ്രീ ശബ്ദം ചേർക്കുകയില്ല എന്ന് സാമാന്യ യുക്തികൊണ്ട് മനസ്സിലാക്കാവുന്നതാണ്. സ്വന്തം കൈപ്പട യിൽ പേരെഴുതുക മാത്രമെ ഒപ്പിന്റെ സ്ഥാനത്ത് ചെയ്യു എന്ന് മുക്ത്യാറിൽ എഴുതിക്കൊ ടുത്ത് ഒരു വർഷം തികയുന്നതിന് മുമ്പാണ് ഇത് ചെയ്തത് എന്നോർക്കണം.

എന്നാൽ മാർക്സിസ്റ്റ് ബുദ്ധിജീവികൾ ചൈതന്യസ്വാമികൾക്ക് പിണഞ്ഞ ഈ കൈത്തെറ്റ് മനസിലാക്കുകയും അത് തിരുത്തുകയും ചെയ്തു. മാർക്സിസ്റ്റുകാരനായ ഡോ. എൻ.വി.പി.ഉണിത്തിരി ശ്രീനാരായണഗുരു എന്ന ഗ്രന്ഥത്തിൽ ഈ വിളംബരം പൂർണ്ണ രൂപ ത്തിൽ ഉദ്ധരിച്ച് ചേർത്തിട്ട്, ഒടുവിൽ ചരിത്രരേഖയിൽ മായം ചേർക്കുന്നു. "എന്ന് (ഒപ്പ്) നാരായണഗുരു" എന്നാണ് ഡോ. ഉണിത്തിരി കള്ള രേഖയുണ്ടാക്കുന്നത്. ശ്രീനാരായണ ഗുരു എന്നത് 'ശ്രീ' മാറ്റി 'നാരായണഗുരു' എന്നാക്കുന്നു. 'മുദ്ര' എന്നത് മാറ്റി 'ഒപ്പ്' എന്നാ ക്കുന്നു. യഥാർത്ഥ വസ്തുതകളറിയാത്ത ഒരു പുതുതലമുറക്കാരൻ നാരായണഗുരു ഈ രേഖയിൽ ഒപ്പ് വച്ചിരിക്കുന്നു എന്ന് തെറ്റിദ്ധരിക്കും. അത് തന്നെയാണ് മാർക്സിസ്റ്റ് ചരിത്ര കാരന്മാരുടെ ലക്ഷ്യവും.

സമഗ്രമായി ശ്രീനാരായണഗുരുവിന പഠിക്കുകയും ജീവചരിത്രം രചിക്കുകയും ചെയ്ത എം.കെ. സാനു ഗുരുവിന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ടതെന്ന് ചിലർ കരുതുന്ന ഈ വിളംബരത്തെക്കുറിച്ച് ഒന്നും പറയുന്നില്ല എന്നത് ശ്രദ്ധേയമാണ്. എന്നാൽ ശ്രീനാരാ യണ ചൈതന്യസ്വാമികൾ വലിയ തട്ടിപ്പ് നടത്തി എന്ന് നമുക്ക് ബോദ്ധ്യംവരാൻ സഹായി ക്കുന്ന ചില രേഖകൾ ആ പുസ്തകത്തിൽ എം.കെ. സാനു ഉദ്ധരിച്ച് ചേർക്കുന്നുണ്ട്.

"ഈ മഠത്തിലെ അഭിപ്രായം മനുഷ്യർക്ക് ഒരു ജാതിയും ഒരു മതവും ഒരു ദൈവവുമല്ലാതെ ഓരോരുത്തർക്കും വെവ്വേറെ ജാതിയും മതവും ദൈവവുമില്ലെന്നാകുന്നു". എന്ന് അനുവാദപ്രകാരം ശ്രീനാരായണ ചൈതന്യം. ഇത് ശ്രീനാരായണഗുരുസ്വാമി തൃപ്പാദങ്ങളിലെ കല്പനപ്രകാരം ആശ്രമത്തിന്റെയും ആശ്രമം വക മഠത്തിന്റെയും മുൻവശത്തുള്ള ചുവരിൽ കടലാസിൽ അച്ചടിച്ച് ചട്ടത്തിൽ ഇട്ട് സൂക്ഷിച്ചിട്ടുള്ള ഒരു വിജ്ഞാപനത്തിന്റെ പകർപ്പാകുന്നു. ഇതിൽ പറയുന്ന 'ശ്രീനാരായണ ചൈതന്യം' ശ്രീനാരായണഗുരുസ്വാമി തൃപ്പാദങ്ങളിലെ ഒരു പ്രധാന ശിഷ്യനും മുക്ത്യാറുകാരനുമാകുന്നു".

നാരായണഗുരുസ്വാമി. എം.കെ. സാനു (പേജ് 203)

ഇത് അക്കാലത്ത് ടി.കെ. മാധവന്റെ ദേശാഭിമാനിയിൽ പ്രസിദ്ധീകരിച്ച രേഖയാണ്. ഗുരു നേരിട്ട് കാണുന്ന ആശ്രമത്തിന്റെ ചുവരിൽ ഈ വിളംബരവും ഗുരു കാണാത്തിടത്ത് നമുക്ക് ജാതിയില്ല വിളംബരവും പ്രസിദ്ധപ്പെടുത്തി എന്നത് അധികമാരും ശ്രദ്ധിക്കാതെ പോയ കാര്യമാണ്.

കൃത്രിമ രേഖയുണ്ടാക്കുക എന്ന കമ്മ്യൂണിസ്റ്റ് പാരമ്പര്യം ഏറ്റെടുത്തുകൊണ്ട് കേരളത്തിലെ ഇന്നത്തെ ഇടതുപക്ഷ സർക്കാർ ഇക്കാര്യത്തിൽ മുമ്പോട്ടുപോയിരിക്കുന്നു. പൊതു ഖജനാവിലെ പണം ഉപയോഗിച്ച് ശ്രീനാരായണഗുരു നടത്താത്ത ഒരു വിളംബരത്തിന്റെ നൂറാം വാർഷികം ആഘോഷിക്കുന്നതിനുവേണ്ടി കേരളത്തിലെമ്പാടും സമ്മേളനങ്ങൾ നടത്തുകയും അവിടെ വിതരണം ചെയ്യുന്നതിനായി കള്ളപ്രമാണം ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു. കേരളത്തിലെ ഇടതുപക്ഷ സർക്കാരിന്റെ വിദ്യാഭ്യാസ വകുപ്പും, സാംസ്കാരിക വകുപ്പും, പബ്ലിക്ക് റിലേഷൻസ് വകുപ്പും ചേർന്ന് പ്രസിദ്ധീകരിച്ച നമുക്ക് ജാതിയില്ല വിളംബരത്തിന്റെ കലണ്ടർ രൂപം കൃത്രിമമായുണ്ടാക്കിയ ഒരു കള്ള രേഖയാണ്. 1916 ൽ പ്രബുദ്ധ കേരളം പ്രസിദ്ധീകരിച്ച രേഖയിൽ 'പരസ്യം' എന്ന് എഴുതിയിരുന്നത് കേരള സർക്കാർ നമുക്ക് ജാതിയില്ല എന്ന് മാറ്റി എഴുതി കള്ള രേഖയുണ്ടാക്കി. എന്ന് ശ്രീനാരായണ ഗുരു എന്നത് നാരായണഗുരു എന്ന് മാറ്റി എഴുതി കള്ളരേഖ ചമച്ചിരിക്കുന്നു. 1916 ൽ ശ്രീനാരായണ ഗുരു ജീവിച്ചിരുന്നപ്പോൾ ഒപ്പിടാത്ത രേഖയിൽ 2016 ൽ നാരായണഗുരു എന്ന് ഒപ്പ് കൃത്രിമമായി രേഖപ്പെടുത്തി കള്ളപ്രമാണമുണ്ടാക്കിയിരിക്കുന്നു. കമ്മ്യൂണിസ്റ്റുകളുടെ രാജ്യഭാരം കള്ള രേഖകളുടേയും നുണ പ്രചരണങ്ങളുടേയും അതിക്രമങ്ങളുടേയും വാഴ്ചക്കാലമാണ്.

ജാതിഭേദത്തിനെതിരേയും മതദ്വേഷത്തിനെതിരേയും പോരാടുക എന്നതായിരുന്നു ശ്രീനാരായണഗുരുവിന്റെ ജീവിതത്തിലെ ഒരു ദൗത്യം. വേദങ്ങളിലേയും ഉപനിഷത്തുക്കളിലേയും ദർശനങ്ങളെ കാലോചിതമായി പരിഷ്കരിച്ച് ഹൈന്ദവജീവിതത്തെ സമുദ്ധരിക്കുക എന്നതായിരുന്നു മറ്റൊരു ദൗത്യം. രണ്ടിലും ഗുരു വിജയിച്ചു. തെറ്റായ ആശയങ്ങൾ പ്രചരിപ്പിച്ച് ശ്രീനാരായണഗുരുവിനെ അവമതിക്കാനുള്ള കമ്മ്യൂണിസ്റ്റുകളുടെ പരിശ്രമം പാഴ് വേലയാണ്. പി. പരമേശ്വരൻ ചൂണ്ടിക്കാണിക്കുന്നത് പോലെ, "ശ്രീനാരായണ സിദ്ധാന്തവും കമ്മ്യൂണിസവും പോലെ ഇത്ര പരസ്പര വിരുദ്ധമായ രണ്ട് സിദ്ധാന്തങ്ങളെ സങ്കല്പിക്കാൻ പോലും സാദ്ധ്യമല്ല". (ശ്രീനാരായണ ഗുരു നവോത്ഥാനത്തിന്റെ പ്രവാചകൻ-പേജ് 233)

(ഭാരതീയ വിചാരകേന്ദ്രം സംസ്ഥാന ജനറൽ സെക്രട്ടറിയാണ് ലേഖകൻ)

BHARATHEEYA VICHARA KENDRAM
ഭാരതീയവിചാരകേന്ദ്രം



# നമുക്ക് ജാതിയില്ല

അദ്വൈതാശ്രമം, ആലുവാ.
൧൦൯൧ - ഇടവം, ൧൫ - ാം നു.

നാം ജാതിമതഭേദം വിട്ടിട്ട് ഇപ്പോൾ ഏതാനും സംവത്സരങ്ങൾ കഴിഞ്ഞിരിക്കുന്നു.
എന്നിട്ടും ചില പ്രത്യേക വർഗ്ഗക്കാർ നമ്മെ അവരുടെ വർഗ്ഗത്തിൽ പെട്ടതായി
വിചാരിച്ചും പ്രവർത്തിച്ചും വരുന്നതായും അത് ഹേതുവാൽ
പലർക്കും നമ്മുടെ വാസ്തവത്തിനു വിരുദ്ധമായ
ധാരണയ്ക്ക് ഇടയാകുന്നുണ്ടെന്നും അറിയുന്നു.
നാം പ്രത്യേകജാതിയിലൊ മതത്തിലോ ഉൾപ്പെടുന്നില്ല.
ഉൾപ്പെടുന്നതുമല്ല.
വിശേഷിച്ചും നമ്മുടെ ശിഷ്യവർഗ്ഗത്തിൽ നിന്നും മേൽപ്രകാരം ഉള്ളവരെ മാത്രമേ
നമ്മുടെ പിൻഗാമികളായ്‌വരത്തക്കവിധം
ആലുവാ അദ്വൈതാശ്രമത്തിൽ
ശിഷ്യസംഘത്തിൽ ചേർത്തിട്ടുള്ളുവെന്നും മേലും ചേർക്കയുള്ളുവെന്നും
വ്യവസ്ഥപ്പെടുത്തിയിരിക്കുന്നതും ആകുന്നു.
ഈ വസ്തുത പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധം ചെയ്തിരിക്കുന്നു.

എന്ന് നാരായണഗുരു
(മുദ്ര)

കൊ.വ.1091 ഇടവം 15

എ.ഡി. 1916 മെയ് 28

BHARATHEEYA VICHARA KENDRAM
ഭാരതീയവിചാരകേന്ദ്രം

ആലുവാ അദ്വൈതാശ്രമത്തിൽ നിന്നു് എസ്സ്. എൻ. ചൈതന്യസ്വാമികൾ ഞങ്ങൾക്കു് താഴെ പറയും പ്രകാരമുള്ള ഒരു പരസ്യം അയച്ചുതന്നിരിക്കുന്നു.

അദ്വൈതാശ്രമം, ആലുവാ.

൧൦൯൭-ഇടവം, ൧൫-ാംനു.

## പ ര സ്യ ം.

നാം ജാതിമതഭേദം വിട്ടിട്ടു് ഇപ്പോൾ ഏതാനും സംവത്സരങ്ങൾ കഴിഞ്ഞിരിക്കുന്നു. എന്നിട്ടും ചില പ്രത്യേകവർഗ്ഗക്കാർ നമ്മെ അവരുടെ വർഗ്ഗത്തിൽ പെട്ടതായി വിചാരിച്ചും പ്രവർത്തിച്ചും വരുന്നതായും അതു് ഹേതുവാൽ പലർക്കും നമ്മുടെ വാസ്തവത്തിനു വിരുദ്ധമായ ധാരണയ്ക്കു ഇടയാകുന്നുണ്ടെന്നും അറിയുന്നു.

നാം പ്രത്യേകജാതിയിലൊ മതത്തിലോ ഉൾപ്പെടുന്നില്ല. ഉൾപ്പെടുന്നതുമല്ല. വിശേഷിച്ചും നമ്മുടെ ശിഷ്യവർഗ്ഗത്തിൽ നിന്നും മേൽപ്രകാരം ഉള്ളവരെ മാത്രമേ നമ്മുടെ പിൻഗാമികളായിരുത്തക്കവിധം ആലുവാ അദ്വൈതാശ്രമത്തിൽ ശിഷ്യസംഘത്തിൽ ചേർത്തിട്ടുള്ളുവെന്നും മേലും ചേർക്കയുള്ളുവെന്നും വ്യവസ്ഥപ്പെടുത്തിയിരിക്കുന്നതും ആകുന്നു.

ഈ വസ്തുത പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പ്രസിദ്ധം ചെയ്തിരിക്കുന്നു.

എന്നു് ശ്രീ നാരായണഗുരു. (൨൬)